# Visit of External Affairs Minister to Israel (October 17-21, 2021)

October 16, 2021

---

**വിദേശകാര്യ മന്ത്രിയുടെ ഇസ്രയേലിലേക്കുള്ള സന്ദർശനം (ഒക്ടോബർ 17-21, 2021)**

ഒക്ടോബർ 16, 2021

ഇതര പ്രധാനമന്ത്രിയും ഇസ്രായേലിന്റെ വിദേശകാര്യ മന്ത്രിയുമായ യെയർ ലാപിഡിന്റെ ക്ഷണമനുസരിച്ച് വിദേശകാര്യ മന്ത്രി ഡോ. എസ്. ജയശങ്കർ 2021 ഒക്ടോബർ 17 മുതൽ 21 വരെയുള്ള തീയതികളിൽ ഇസ്രായേലിലേക്ക് ഔദ്യോഗിക സന്ദർശനം നടത്തും, വിദേശകാര്യ മന്ത്രിയെന്ന നിലയിൽ ഇത് അദ്ദേഹത്തിന്റെ ആദ്യ സന്ദർശനമാണ്. ഇസ്രായേലിന്റെ ഇതര പ്രധാനമന്ത്രിയും വിദേശകാര്യമന്ത്രിയുമായ ലാപിഡുമായി അദ്ദേഹം ഉഭയകക്ഷി കൂടിക്കാഴ്ച നടത്തും. കൂടാതെ, അദ്ദേഹം രാഷ്ട്രപതി, പ്രധാനമന്ത്രി, നെസെറ്റ് സ്പീക്കർ എന്നിവരെയും സന്ദർശിക്കും.

2017 ജൂലൈയിൽ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുടെ ചരിത്രപരമായ സന്ദർശനം ഇന്ത്യ-ഇസ്രായേൽ ഉഭയകക്ഷി ബന്ധത്തെ നയതന്ത്ര പങ്കാളിത്തത്തിലേക്ക് ഉയർത്തിയിരുന്നു.അന്നുമുതൽ, ഇരുരാജ്യങ്ങളും തമ്മിലുള്ള ബന്ധം വിജ്ഞാനാധിഷ്ഠിത പങ്കാളിത്തം വിപുലീകരിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചു, ഇതിൽ'മെയ്ക്ക് ഇൻ ഇന്ത്യ' സംരംഭം പ്രോത്സാഹിപ്പിക്കുന്നതുൾപ്പെടെയുള്ള നവീകരണ- ഗവേഷണ മേഖലകളിലെ സഹകരണം ഉൾപ്പെടുന്നു.

ഇസ്രായേലിലെ ഇന്ത്യൻ വംശജരായ ജൂത സമൂഹം, ഇൻഡോളജിസ്റ്റുകൾ, ഇസ്രായേൽ സർവകലാശാലകളിൽ നിലവിൽ വിദ്യാഭ്യാസം നടത്തി വരുന്ന ഇന്ത്യൻ വിദ്യാർത്ഥികൾ, ഹൈടെക് വ്യവസായങ്ങൾ ഉൾപ്പെടെയുള്ള ബിസിനസ്സുകളുമായി ബന്ധപ്പെട്ട വ്യക്തികൾ എന്നിവരുമായി വിദേശകാര്യ മന്ത്രി സംവദിക്കും.

ഈ പ്രദേശത്ത്, പ്രത്യേകിച്ച് ഒന്നാം ലോകമഹായുദ്ധസമയത്ത്, ഈ മേഖലയിൽ ജീവൻ വെടിഞ്ഞ ധീരരായ ഇന്ത്യൻ സൈനികർക്ക് ആദരാഞ്ജലി അർപ്പിക്കുന്നതിനുള്ള ഒരു സന്ദർഭം കൂടിയാണ് ഈ സന്ദർശനം.

**ന്യൂ ഡെൽഹി**

**ഒക്ടോബർ 16, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.